# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.725 — 05/06/2018-ൽ മറുപടിക്ക്

## വിളയൂരിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്

| | ചോദ്യം<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | ഉത്തരം<br>ശ്രീ എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിലെ വിളയൂരിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം കെട്ടിടമോ സ്ഥലമോ ഇതു വരെയും ലഭിച്ചിട്ടില്ല. വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വിളയൂർ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | പുതിയ വൈദ്യുതി കണക്ഷൻ നൽകുക, വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട അപേക്ഷകർ ആവശ്യപ്പെടുന്ന മറ്റു സേവനങ്ങളായ താരിഫ് മാറ്റം, കണക്ടഡ് ലോഡ് മാറ്റം, ഉടമസ്ഥാവകാശമാറ്റം, മീറ്റർ മാറ്റിവെയ്ക്കൽ, ഫേസ് കൺവേർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചു മാറ്റൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുക, വൈദ്യുതി തടസ്സം, വൈദ്യുതി ബില്ലുകൾ, വോൾട്ടേജ് ക്ഷാമം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുക, ഗുണമേന്മയുള്ളതും തടസ്സ രഹിതവുമായ വൈദ്യുതി നൽകുന്നതിനു വേണ്ടിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുക, |

| | | | |
|---|---|---|---|
| | | | ജന പ്രതിനിധികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ചെയ്തു വരുന്ന ഡെപ്പോസിറ്റ് വർക്കുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുക തുടങ്ങിയ സേവനങ്ങളാണ് സെക്ഷൻ ഓഫീസുകൾ വഴി നൽകി വരുന്നത്. കൂടാതെ കറന്റ് ചാർജ്ജും ഈ ഓഫീസുകളിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ